

# ACADEMIC

# MASTER PLAN

## 2025-26

# SAMANWAYAM

# സമന്വയം

## GGBHS CHALAPPURAM

# താളുകളിലൂടെ ..................


| ക്രമനമ്പർ | ഉള്ളടക്കം |
|---|---|
| 1 | വിദ്യാലയത്തെ അറിയാം |
| 2 | ആമുഖം |
| 3 | സ്കൂൾ ചരിത്രത്തിലൂടെ |
| 4 | സ്കൂൾ ഇന്ന് |
| 5 | അക്കാദമികം നേട്ടങ്ങൾ |
| 6 | അക്കാദമികം പരിമിതികൾ |
| 7 | ഭൗതികം പരിമിതികൾ |
| 8 | സാമൂഹികം നേട്ടങ്ങൾ പരിമിതികൾ |
| 9 | മികവാർന്ന അക്കാദമിക പ്രവർത്തനങ്ങൾ- വികസന ലക്ഷ്യങ്ങൾ |
| I | **അക്കാദമികം U P വിഭാഗം** |
| 1 | മലയാളം |
| 2 | ഇംഗ്ലീഷ് |
| 3 | ഹിന്ദി |
| 4 | സാമൂഹ്യശാസ്ത്രം |
| 5 | ഐടി |
| 6 | അടിസ്ഥാന ഗണിതം |
| 7 | ശാസ്ത്രം |
| II | **അക്കാദമികം H S വിഭാഗം** |
| 1 | മലയാളം |
| 2 | ഇംഗ്ലീഷ് |
| 3 | ഹിന്ദി |
| 4 | ശാസ്ത്രം -ഫിസിക്സ് & കെമിസ്ട്രി |
| 5 | ശാസ്ത്രം -ബയോളജി |
| 6 | സാമൂഹ്യശാസ്ത്രം |
| 7 | ഗണിതം |
| 8 | ഐടി |
| 9 | കലാപഠനം |
| 10 | ആരോഗ്യ കായിക വിദ്യാഭ്യാസം |

| | |
|---|---|
| 11 | പ്രവർത്തി പരിചയം |
| 12 | പരിസ്ഥിതി വിദ്യാഭ്യാസം |
| 13 | സ്കോളർഷിപ്പ് പരീക്ഷാ  പരിശീലനം |
| 14 | ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് |
| 15 | ക്ലാസ് പി ടി എ ശക്തിപ്പെടുത്തൽ |
| 16 | ഉപസംഹാരം |

# വിദ്യാലയത്തെ അറിയാം....







1. പേര് :ഗവ :ഗണപത് ബോയ്സ് ഹൈസ്കൂൾ ചാലപ്പുറം
2. വിലാസം : ചാലപ്പുറം, പി.ഒ .ചാലപ്പുറം
3. ഫോൺ നമ്പർ: 0495-2302972
4. സ്കൂൾ  കോഡ്: 17001
5. സബ് ജില്ല : സിറ്റി
6. വിദ്യാഭ്യാസ ജില്ല : കോഴിക്കോട്
7. റവന്യൂ ജില്ല : കോഴിക്കോട്
8. BRC : URC SOUTH
9. താലൂക്ക് : കോഴിക്കോട്
10. Email address : ggbhschalappuram@gmil.com

# ആമുഖം

കോഴിക്കോട് കോർപ്പറേഷനിൽ വാർഡ് നമ്പർ അൻപത്തി ഒൻപതിലായി 1ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതിചെയ്യുന്നത്. പാഠ്യ പാഠ്യേതര രംഗത്ത് സംസ്ഥാനതലത്തിൽ  മാതൃകയായി നിലകൊള്ളുന്ന സ്കൂൾ ആണ് ഇത്. എസ്എസ്എൽസി പരീക്ഷയിൽ ഉന്നത വിജയം (100%) കൈവരിക്കാൻ ഞങ്ങളുടെ സ്കൂളിന് സാധിക്കാറുണ്ട്. ദേശീയ സംസ്ഥാനതലങ്ങളിൽ വിദ്യാഭ്യാസ, കായിക പ്രകടനങ്ങളിലും മികവാർന്ന വിജയം കൈവരിക്കാൻ സ്കൂളിന് കഴിയുന്നു. കൂടാതെ ഓരോ കുട്ടിയിലും അന്തർലീനമായ കഴിവുകൾ  പരിപോഷിപ്പിക്കാൻ വേണ്ടി സാഹചര്യം ഒരുക്കാനും സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിക്കാറുണ്ട്. ആൺകുട്ടികൾക്ക് പുറമെ ഇപ്പോൾ പെൺകുട്ടികളും സ്കൂളിൽ പഠിക്കുന്നു .ആൺകുട്ടികളും പെൺകുട്ടികളും പഠിക്കുന്ന സ്കൂൾ എന്ന നിലയിൽ കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും സ്വയം പ്രതിരോധത്തിനുമായി കായിക പരിശീലനങ്ങൾ നൽകാറുണ്ട്. കുട്ടികളെ ബാധിക്കുന്ന വിവിധ പ്രശ്നങ്ങളിൽ ആവശ്യമായ കൗൺസിലിംഗ് നൽകി പഠനത്തിനുള്ള സാഹചര്യം ഒരുക്കാറുണ്ട്.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. സ്വപ്നതുല്യമായ മാറ്റങ്ങൾ സംരക്ഷിക്കാനും നിലനിർത്താനും മുന്നോട്ടു നയിക്കാനും ജനപ്രതിനിധികൾ, പിടിഎ, നാട്ടുകാർ, കോർപ്പറേഷൻ, പൂർവ വിദ്യാർത്ഥികൾ എന്നിവരുടെ പൂർണ്ണമായ സഹകരണം ഉറപ്പുവരുത്താൻ ഞങ്ങൾക്ക്  കഴിയുന്നു. ഉന്നത നിലവാരമുള്ള

പഠനാന്തരീക്ഷം സ്കൂളിന്റെ മുഖമുദ്രയാണ്. സ്കൂൾ തന്നെ പാഠപുസ്തകം എന്ന വിശാലമായ ആശയം ഇവിടെ സാർത്ഥകമാകുന്നു. ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ്. ഇത് നിലനിർത്തി കൊണ്ടുപോകാനും കൂടുതൽ ഗുണപരമായ പാഠ്യ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായ എന്തോ അത് നൽകാനും അവരെ നാളെയുടെ വാഗ്ദാനങ്ങൾ ആക്കി മാറ്റാനും സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.








# സ്കൂൾ ചരിത്രത്തിലൂടെ......

തളി സാമൂതിരി ഹൈസ്കൂളിൽ അധ്യാപകനായിരുന്ന ശ്രീ ഗണപത് റാവു **1886**ൽ സ്വന്തം വീട്ടുവളപ്പിൽ ആരംഭിച്ച നേറ്റീവ് സ്കൂളാണ് പിന്നീട് ഗണപത് ഹൈസ്കൂൾ ആയി മാറിയത് സമൂഹത്തിലെ അവർണർക്കും പാവപ്പെട്ടവർക്കും വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നത് കണ്ടു മനസ്സ് മടുത്ത അദ്ദേഹം നേറ്റീവ് സ്കൂൾ സാധാരണക്കാർക്ക് ആയി തുറന്നു കൊടുത്തു സാമ്പത്തിക പരാധീനതകളെയും യാഥാസ്ഥിതികരുടെ എതിർപ്പുകളെയും നേരിട്ടുകൊണ്ട് അദ്ദേഹം ഈ വിദ്യാലയത്തെ വളർത്തിയെടുത്തു. മലബാറിലെ ദേശീയ പ്രസ്ഥാനത്തി**ന്റെ** ഒരു കേന്ദ്രമായി ഗണപത് റാവു നേറ്റീവ് ഹൈസ്കൂളിനെ രൂപപ്പെടുത്തി ഐഹിക ജീവിതത്തോട് വിരക്തി തോന്നിയ അദ്ദേഹം സന്യാസം സ്വീകരിച്ച് സ്വാമി സുവിചരാനന്ദ ആയപ്പോൾ നേറ്റീവ് ഹൈസ്കൂളി**ന്റെ** ഭരണ ചുമതല മകനായ സർവ്വോത്തം റാവുവിൽ നിക്ഷിപ്തമായി പിതാവിന്റെ സ്മരണ നിലനിർത്താനായി സ്കൂളി**ന്റെ** പേര് **1928**ൽ ഗണപത് ഹൈസ്കൂൾ എന്നാക്കി മാറ്റി.

**1932**ൽ പെൺകുട്ടികൾക്കും ഗണപത് ഹൈസ്കൂളിൽ പ്രവേശനം അനുവദിക്കപ്പെട്ടു. സർവോത്തം റാവുവിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട മലബാർ എഡ്യൂക്കേഷണൽ സൊസൈറ്റി കല്ലായി ഫറോക്ക് തുടങ്ങിയ സ്ഥലങ്ങളിൽ ഗണപത് ഹൈസ്കൂളുകൾ ആരംഭിച്ചു. വയനാട്ടിലെ സർവജന ഹൈസ്കൂൾ താനൂരിലെ ദേവദാർ ഹൈസ്കൂൾ എന്നിവയുടെ ഭരണ ചുമതലയും മലബാർ എഡ്യൂക്കേഷൻ സൊസൈറ്റി ഏറ്റെടുത്തു. **1961**ൽ ഗേൾസ് ഹൈസ്കൂൾ ചാലപ്പുറത്ത് തന്നെ മറ്റൊരിടത്തേക്ക് മാറ്റി സ്ഥാപിച്ചു.

ശ്രീ ഗണപത് റാവു ആയിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ ഇന്ത്യൻ ദേശീയ ചരിത്രത്തിലും രാഷ്ട്രീയ സാമൂഹിക സാംസ്കാരിക സാഹിത്യ കായിക രംഗങ്ങളിലും വ്യക്തിമുദ്ര പതിപ്പിച്ച നിരവധി വ്യക്തികൾ ഈ വിദ്യാലയത്തിലെ പൂർവാധ്യാപകരും വിദ്യാർത്ഥികളുമായിരുന്നു.

## സ്കൂൾ ഇന്ന്...

**ഗവൺമെന്റ് ഗണപത് ബോയ്സ് ഹൈസ്കൂൾ ഇന്ന് അക്കാദമിക പരമായി പല നേട്ടങ്ങളോടും കൂടി മുന്നിട്ടുനിൽക്കുന്നു. കായികരംഗത്ത് വളരെയധികം നേട്ടങ്ങൾ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ദേശീയ തലത്തിലും കുട്ടികൾക്ക് ലഭിക്കുന്നുണ്ട്. ഇന്ന് ശ്രീ പോൾ ജോസ് സാറിന്റെ നേതൃത്വത്തിൽ സ്കൂൾ പല മികവോടും കൂടി മുന്നറിക്കൊണ്ടിരിക്കുന്നു. അക്കാദമിക് കലണ്ടർ അനുസരിച്ചുള്ള ദിനാചരണങ്ങൾ ,വിവിധ ക്ലബ്പ്രവർത്തനങ്ങൾ എന്നിവ സ്കൂളിൽ ഭംഗിയായി നടക്കുന്നു. ഒരു മികച്ച ഫുട്ബോൾ ടീം ഉണ്ട് എന്നുള്ളത് സ്കൂളിന് എടുത്തു പറയാവുന്ന ഒരു നേട്ടമാണ്.**





## അക്കാദമികം – നേട്ടങ്ങൾ

**എസ് എസ് എൽ സി പരീക്ഷയ്ക്ക് തുടർച്ചയായി ലഭിക്കുന്ന 100% വിജയം സ്കൂളിന്റെ അക്കാദമിക നേട്ടങ്ങളിൽ എടുത്തു പറയാവുന്ന കാര്യമാണ് കൂടാതെ എൽഎസ്എസ്, യുഎസ്എസ്, എൻഎംഎംഎസ് എന്നീ പരീക്ഷകളിൽ കുട്ടികൾ അവരുടെ കഴിവ് തെളിയിക്കുന്നു. യുഎസ്എസ് ,എൻ എം എം എസ് എന്നീ സ്കോളർഷിപ്പുകൾ ഓരോ വർഷവും സ്കൂളിൽ ലഭിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ ദേശീയ തലത്തിലുള്ള ഇൻസ്പയർ അവാർഡും കുട്ടികൾക്ക് ലഭിക്കുന്നു എന്നുള്ളത് ഈ സ്കൂളിന്റെ പ്രത്യേകതയാണ്. മത്സരപരീക്ഷകളിൽ ഉള്ള വിജയവും സ്കോളർഷിപ്പ് നേട്ടവും സ്കൂളിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുവാനും വിജയശതമാനം ഉയരാനും കാരണമായി .കൂടാതെ YIP, ഇൻസ്പയർ അവാർഡ് എന്നീ**

വിഭാഗങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉയർത്താൻ സാധിച്ചു. സ്പോർട്സ് ഇനങ്ങളിൽ ജില്ലാതലത്തിലും ദേശീയതലത്തിലും സംസ്ഥാനതലത്തിലും ചാമ്പ്യന്മാരാവാൻ ഞങ്ങളുടെ കുട്ടികൾക്ക് സാധിച്ചിട്ടുണ്ട്. SPC,JRC,NCC എക്കോ ക്ലബ്ബ് തുടങ്ങിയ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനത്തോടൊപ്പം സേവനമനോഭാവം വർദ്ധിപ്പിക്കാനും കുട്ടികൾക്ക് കഴിയുന്നു. പഠനത്തോടൊപ്പം ദേശീയതലത്തിൽ ചാമ്പ്യന്മാർ ആവുന്ന വിദ്യാർത്ഥികൾ ഈ സ്കൂളിന്റെ മുതൽക്കൂട്ടാണ്.





# അക്കാദമികം - പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നുണ്ടെങ്കിലും കുട്ടികൾക്ക് ലാംഗ്വേജ് റൂമുകൾ കുറവാണ്. മികച്ച ഗ്രന്ഥശാല ഒരുക്കാനുള്ള സൗകര്യം സ്കൂളിൽ ഇല്ല. സയൻസിന് ഒരു ലാബ് മാത്രം ആയതിനാൽ കുട്ടികൾക്ക് ഒരേ സമയം ഫിസിക്സ് കെമിസ്ട്രി ബയോളജി ലാബ് ഉപയോഗിക്കാൻ സാധിക്കാത്തതും ഒരു പരിമിതിയാണ്. ഒരു മികച്ച ഗണിത ലാബ് സ്കൂളിന്റെ പരിമിതിയായി കാണുന്നു . ഐടി ലാബിലും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി പുതിയ കമ്പ്യൂട്ടറുകൾ കൊണ്ടുവരേണ്ടതുണ്ട്. പ്രധാനമായും നേരിടുന്ന പോരായ്മ സ്കൂളിൽ ക്ലാസ് റൂമുകളുടെ എണ്ണം കുറവും ഒരു ഹാൾ ഇല്ലെന്നുള്ള പരിമിതിയും ആണ്.

ഹൈടെക് സംവിധാനങ്ങൾ നിലവിൽ വന്നെങ്കിലും ഇപ്പോഴും ഞങ്ങളുടെ സ്കൂളിൽ എല്ലാ ക്ലാസ്സ് റൂമുകളിലും പ്രൊജക്ടർ സൗകര്യമില്ലാത്തതും ഒരു പോരായ്മയായി കാണുന്നു.

# ഭൗതികം - പരിമിതികൾ

ഓരോ വർഷവും വർദ്ധിച്ചുവരുന്ന കുട്ടികളുടെ എണ്ണം കാരണം കുട്ടികൾക്ക് ഓരോ ക്ലാസിലും ഇരിപ്പിടങ്ങൾക്ക് പരിമിതിയുണ്ട്. സ്മാർട്ട് ക്ലാസ്സ് റൂം ആണെങ്കിലും ഉപകരണങ്ങൾക്ക് കാലപ്പഴക്കം ഉള്ളതുകൊണ്ട് മികച്ച പ്രവർത്തനം ഉള്ള ഉപകരണങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. ഗ്രന്ഥശാലകൾ ഡിജിറ്റൽ രീതിയിലാക്കേണ്ടതുണ്ട്. കുട്ടികൾക്ക് ഉച്ചഭക്ഷണം സ്വസ്ഥമായി ഇരുന്നു കഴിക്കാൻ ഒരു ഡൈനിങ്ങ് ഹാളിന്റെ  പോരായ്മ സ്കൂളിൽ നന്നായി അനുഭവപ്പെടുന്നു.

കുട്ടികൾക്ക് ശുചീകരണത്തിന്  വേണ്ട സംവിധാനങ്ങൾ പരിമിതമാണ് . കുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിന് ആധുനിക സൗകര്യമുള്ള ടോയ്‌ലറ്റ്  പണിയണം. നിലവിലുള്ളവ മെച്ചപ്പെടുത്തണം .കുട്ടികളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ പരിഹരിക്കാൻ കൂളറുകൾ സ്ഥാപിക്കേണ്ടതുണ്ട്. പൊതു പരിപാടികൾ  നടത്താൻ കോൺഫറൻസ് റൂം വിസിറ്റേഴ്സ് റൂം എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. SPC,NCC,JRC തുടങ്ങിയവയ്ക്ക് കുട്ടികളുടെ യൂണിഫോം മറ്റു റെക്കോർഡുകൾ എന്നിവ സൂക്ഷിക്കാൻ പ്രത്യേക റൂം സൗകര്യം ആവശ്യമാണ്. അതേപോലെ ഒരു സ്പോർട്സ് റൂം ഇല്ല എന്നുള്ളത് പ്രത്യേകിച്ച് ഈ സ്കൂളിന് എടുത്തു പറയാവുന്ന ഒരു പരിമിതിയാണ്. മികച്ച ഇൻഡോർ സ്റ്റേഡിയവും ഒരു ഗ്രൗണ്ടും സ്കൂളിന് ഒരു സ്വപ്നമായി നിലനിൽക്കുന്നു.



# സാമൂഹികം - നേട്ടങ്ങൾ

സ്കൂളിലെ വിവിധ സന്നദ്ധ സംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. ജെ ആർ സി ,എസ് പി സി, എൻ സി സി വിഭാഗങ്ങൾ ഒരുമിച്ച് നടത്തുന്ന പ്രവർത്തനങ്ങൾ ഓണാഘോഷം എന്നിവ സ്കൂളിലെ മികച്ച പ്രവർത്തനങ്ങൾ ആയി മാറുന്നു. സംസ്ഥാനതലത്തിൽ ശ്രദ്ധയാകർഷിക്കുന്ന കായിക ഇനങ്ങൾ സ്കൂളിന്റെ പ്രത്യേകത എടുത്തു പറയാവുന്ന കാര്യമാണ്.








# സാമൂഹികം - പരിമിതികൾ

പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടും പഠനസമയംകൂടുതൽ നഷ്ടപ്പെടുന്നതിനാലും പഠനസമയത്തുള്ള പല പ്രവർത്തനങ്ങളും ഏറ്റെടുക്കാനുള്ള പരിമിതികൾ ഉണ്ട് .

## മികവാർന്ന അക്കാദമിക പ്രവർത്തനങ്ങൾ -

## വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിതശേഷി വികസനം
3. ഇംഗ്ലീഷ് പഠനം അനയാസകരമാക്കൽ
4. വായനശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്ര പോഷണ പരിപാടി
6. ലബോറട്ടറി നവീകരണം-ശാസ്ത്രം,ഗണിതം, സോഷ്യൽ ,ബയോളജി
7. പ്രതിഭാ പോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
10. പഠനയാത്രകൾ
11. സ്കൂൾ പത്രം മാസിക
12. അധ്യാപക ശാക്തീകരണം - സ്കൂൾതലം എസ് ആർ ജി
13. പ്രവർത്തി പരിചയ പരിശീലനം
14. കലാപരിപോഷണം
15. സാഹിത്യ ശില്പശാലകൾ
16. മെഡിക്കൽ ക്യാമ്പുകൾ
17. രക്ത ഗ്രൂപ്പ്നിർണയം

18. സ്കൂൾ ബ്ലോഗ്  കാര്യക്ഷമമാക്കൽ

19. ഭാഷാ ലാബ്

20. ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ

21. ഗവേഷണാത്മക പഠനം

22. കായിക ശേഷി വികസനം

23. വിലയിരുത്തൽ കാര്യക്ഷമമാക്കൽ

24. ഐ ടി പഠനം കാര്യക്ഷമമാക്കൽ

25. ചിത്രരചന ക്യാമ്പ്

26. ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യ ശാസ്ത്ര പ്രവൃത്തി പരിചയ ഐ ടി മേളകൾ

27. ക്ലാസ് പി ടിഎ കാര്യക്ഷമമാക്കൽ

# അക്കാദമികം U P വിഭാഗം

# പ്രവർത്തനം - വിശദാംശങ്ങൾ

| ഉപമേഖല- മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | 1.പഠിതാക്കൾ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു<br>2.അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു<br>3.അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം നടത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| പഠിതാവിൽ പൂർണമായ വായന ഉറപ്പുവരുത്തുക. | 1.പത്രം ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുന്നു .പ്രതികരണശേഷി വളർത്തുന്നു .ഉച്ചാരണ ശുദ്ധി വളർത്തുന്നു.<br>2. വാർത്താ വായന | ജൂൺ മാസം<br>പ്രതിമാസം | മലയാളം അധ്യാപകർ<br>മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | സാഹിത്യകാരന്മാർ എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായുള്ള സംവാദം മുഖാമുഖം | വർഷത്തിൽ രണ്ടു പ്രാവശ്യം | മലയാളം ക്ലബ്ബ് | |
| മലയാളം കംപ്യൂട്ടിങ്ങിൽ പരിജ്ഞാനം നേടിയെടുക്കലും സർഗാത്മ ശേഷി വളർത്തലും | സ്കൂൾ ഈ മാഗസിൻ തയ്യാറാക്കൽ | വർഷാവസാനം | മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് |
| പഠിതാക്കളുടെ കലാവാസനയെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം | അക്കാദമിക വർഷം | പി ടി എ സ്കൂൾ | പി ടി എ |
| കുട്ടികളുടെ ആകാശവാണി ഗണപത് എഫ് എം അവതരണ മികവ് | ഗണപത് എഫ് എം റേഡിയോയിൽ പരിപാടികൾ അവതരിപ്പിക്കൽ | എല്ലാ ദിവസവും | മലയാളം അധ്യാപകർ | പി ടി എ |

## ഉപമേഖല ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവി ക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | 1.ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു .<br>2.ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച്പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു<br>3.വാർത്തകൾ കേൾപ്പിക്കുന്നു<br>4.ഇംഗ്ലീഷിൽ ഏക അഭിനയത്തിന് പ്രോത്സാഹനം നൽകുന്നു | ജൂലൈ മാസം<br>ഒക്ടോബർ മാസം<br>നവംബർ മാസം | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| ഭാവനാത്മക വായന പരിശീലിപ്പിക്കുന്നു | 1.വ്യത്യസ്ത തലങ്ങളിലായി വായന കാർഡുകൾ ക്രമീകരിക്കുന്നു<br>2.ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകുന്നു | ജൂലൈ മാസം<br>മാസംതോറും | ഇംഗ്ലീഷ് അധ്യാപകർ | |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | 1.കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷനറി എന്നിവ തയ്യാറാക്കുന്നു<br>2.പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു<br>3.കടങ്കഥകൾ കുസൃതി ചോദ്യങ്ങൾ ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസ്സിൽ | വർഷാവസാനം<br>ദിനാചരണങ്ങളിൽ<br>ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | അവതരിപ്പിക്കുവാൻ അവസരം നൽകുന്നു | എല്ലാ ഇംഗ്ലീഷ് പീരിയഡ് | | |

| ഉപമേഖല -ഹിന്ദി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കൽ. | അക്ഷരം എഴുത്ത് ,ചിഹ്നം ഉറപ്പിക്കൽ, അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്, ക്ലാസിൽ അക്ഷരമാല പ്രദർശനം ,അക്ഷരമാല കളികൾ ,വാക്കുകൾ എഴുതിയ കാർഡുകൾ ,വാക്കുകൾ നിർമാണം വാക്യങ്ങളുടെ നിർമ്മാണം തുടങ്ങിയവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | പിടിഎ |
| ഹിന്ദിവായന തെറ്റുകൂടാതെ ഹിന്ദി വായിക്കാനുള്ള പരിശ്രമം<br><br>ഹിന്ദിയിലുള്ള സംസാരം | നിരന്തരം പുസ്തകം വായിച്ചു കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കുന്നു .വായന മത്സരം നടത്തുന്നു ഹിന്ദി മാത്രം ക്ലാസുകളിൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | പിടിഎ |

| | | | | |
|---|---|---|---|---|
| | ഉപയോഗിക്കൽ. ഹിന്ദിയിൽ സംസാരിക്കാൻ അവസരം നൽകുന്നു. ഹിന്ദിയിൽ സംസാരിക്കുന്നവരെ ക്ലാസ്സിൽ കൊണ്ടുവരുന്നു. | | | |
| വീട് ഒരു വിദ്യാലയം. കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുന്നു. ചിത്ര ആൽബം തയ്യാറാക്കുന്നു ഐസിടി സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം നൽകുന്നു സി ഡബ്ലിയു എസൻ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

| ഉപമേഖല- സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂപ്രകൃതി തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐ സി ടി സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു | അക്കാദമിക വർഷാരംഭം ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| | ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്തു ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ | പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ബോധവാന്മാരാക്കുന്നു | ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു | | | |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ചു വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ |
| വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു . | സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | സിവിൽ സർവീസ് പരീക്ഷകൾ എഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്നു ചോദ്യോത്തര വേളകൾ ക്ലാസുകളിൽ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |

| ഉപമേഖല- ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ജൈവവൈവിധ്യ പാർക്ക് നിർമ്മാണം<br><br>വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ കാവുകൾ സന്ദർശനം പുഴയെ അറിയാൻ നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് എനർജി ക്ലബ്ബ് | പിടിഎ രക്ഷിതാക്കൾ |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനികശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യുക എന്നതിനുള്ള കഴിവ് | ശാസ്ത്ര വിസ്മയ ചുമർ നിർമ്മാണം ശാസ്ത്ര ലൈബ്രറി നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് എനർജി ക്ലബ്ബ് | പിടിഎ രക്ഷിതാക്കൾ |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സഹായത്തോടെ ശാസ്ത്ര | ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് | പിടിഎ രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| പഠനത്തിനായി പ്രയോജനപ്പെടുത്തുക | ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | | എനർജി ക്ലബ്ബ് | |

| ഉപമേഖല- ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | ഗണിത ശില്പശാല കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺമാസം | ഗണിത അധ്യാപകർ | |
| രസകരമായ ശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | ഒറിഗാമി ശിൽപ്പശാല ജപ്പാനീസ് കലയായ ഒറിഗാമികളുടെ ഗണിതശേഷികൾ കൈവരിക്കുന്ന പരിശീലനം നൽകുന്നു വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു പ്രദർശനം സംഘടിപ്പിക്കുന്നു | വർഷത്തിലൊരു പ്രാവശ്യം | ഗണിത അധ്യാപകർ | പിടിഎ |

| | | | | |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിൽ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകർ, ക്ലബ്ബ് | |
| ഗണിതം മധുരമാക്കൽ | ഗണിത പാർക്ക് ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | പിടിഎ |
| ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർധിപ്പിക്കൽ | ഗണിത ഗ്രാമം .ഗണിതത്തിൽ പ്രാബല്യമുള്ള അധ്യാപകരെ മറ്റു വിദ്യാലയങ്ങളിലും മറ്റു മേഖലകളിലും പ്രവർത്തിക്കുന്നവർ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽഅഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് | പിടിഎ |
| ആധുനികശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി | ജാമിതീയ രൂപങ്ങൾ ചതുഷ്ക്രിയകൾ ടാൻഗ്രാം പോലുള്ള പ്രവർത്തനങ്ങൾ | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |

| | | | | |
|---|---|---|---|---|
| പ്രയോജനപ്പെടുത്തുന്നു | ഐടി സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് കുട്ടികളിലേക്ക് എത്തിക്കുന്നു | | | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിയുന്നു | ഗണിത ക്ലിനിക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗങ്ങൾ നിർദ്ദേശങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| വിവിധശേഷികളുടെ വികസനം | ദിനാചരണം ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ എസ്ആർജിയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | എസ് ആർ ജി | |

| ഉപമേഖല -ഐ ടി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| എല്ലാ കുട്ടികൾക്കും വിവരസാങ്കേതികവിദ്യ കൈകാര്യം ചെയ്യാനുള്ള കഴിവുണ്ടാക്കുക | ക്ലാസ് റൂം പ്രവർത്തനങ്ങളിൽ ഐസിടി സാങ്കേതികവിദ്യ പരമാവധി ഉപയോഗപ്പെടുത്തുക | അക്കാദമിക വർഷം | എസ് ആർ ജി | എസ് ആർ ജി |
| ഐടി മേഖലകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തുക | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകുക | ജൂൺ ജൂലൈ ഓഗസ്റ്റ് | ഐടി അധ്യാപകർ | എസ് ആർ ജി |
| എല്ലാ കുട്ടികൾക്കും ഡിജിറ്റൽ പോസ്റ്ററുകൾ നിർമ്മിക്കാനുള്ള മികവുണ്ടാക്കുക | ദിനാചരണവുമായി ബന്ധപ്പെട്ട ഡിജിറ്റൽ പോസ്റ്റർ നിർമ്മിക്കുക | ഓഗസ്റ്റ് | ഐടി അധ്യാപകർ | എസ് ആർ ജി |
| മലയാളം കമ്പ്യൂട്ടിങ്ങിൽ പ്രാവീണ്യമുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കുക | മലയാളം ടൈപ്പിംഗ് മത്സരം സംഘടിപ്പിക്കുന്നു | സെപ്റ്റംബർ | ഐടി അധ്യാപകർ | ഐ ടി ക്ലബ്ബ് |
| വിദ്യാർഥികളുടെ സൃഷ്ടിപരമായതും കലാപരമായതുമായ കഴിവുകളെ കാലഘട്ടത്തിനനുസരിച്ച് വളർത്തിയെടുക്കുക | Digital painting മത്സരങ്ങൾ സംഘടിപ്പിക്കുക | സെപ്റ്റംബർ | ഐടി അധ്യാപകർ | ഐ ടി ക്ലബ്ബ് |
| ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റുക | ചിത്രങ്ങൾ പ്രസന്റേഷനുകൾ Interactive ടൂളുകൾ ചിത്ര ക്ലിപ്പുകൾ ഇവാലുവേഷൻ | ഒരു വർഷം | എല്ലാ അധ്യാപകരും | ഐ ടി ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | മോഡ്യൂളുകൾ അനിമേഷനുകൾ തുടങ്ങിയ വിഭവങ്ങൾ നിർമ്മിച്ച ക്ലാസ് റൂമിൽ പഠന വിഭാഗങ്ങളുടെ വിനിമയത്തിനായി ഉപയോഗിക്കുക | | | |

# അക്കാദമികം H S വിഭാഗം

# പ്രവർത്തനം - വിശദാംശങ്ങൾ

| ഉപമേഖല- മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാ പഠനത്തിൽ കുട്ടികൾക്കുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക എല്ലാ കുട്ടികളെയും സ്വതന്ത്രരായ വായനക്കാരാക്കുക കുട്ടികളുടെ സർഗ്ഗശേഷിയും നൈപുണികളും വളർത്തുക വൈവിധ്യം മാറുന്ന പ്രവർത്തനങ്ങൾ നടപ്പാക്കി കുട്ടികളെ ഭാഷയോടും സാഹിത്യരജനകളോടും അടുപ്പിക്കുക | അധ്യയന വർഷത്തിന്റെ ആരംഭത്തിൽ അക്ഷരങ്ങൾ വാക്കുകൾ എന്നിവ ഉറപ്പിക്കുക അക്ഷരങ്ങൾ വാക്കുകൾ വാക്യങ്ങൾ എന്നിങ്ങനെ ഘട്ടംഘട്ടമായി പോകാനാണ് ഉദ്ദേശിക്കുന്നത് ഭാഷാ കേളികളിൽ ഏർപ്പെടുക കുട്ടികൾ ചിഹ്നങ്ങൾ ചേർത്ത് എഴുതുന്നു. അക്ഷരപ്പട്ടിക ഉപയോഗിച്ച് വാക്കുകൾ നിർമിക്കുന്നു | ജൂൺ ജൂലൈ ആഗസ്റ്റ് മാസങ്ങൾ | മലയാളം അധ്യാപകർ | പിടിഎ വിദ്യാരംഗം |
| കുട്ടികളിൽ വായനാശീലം വളർത്തുക | പത്രവായന പുസ്തക വായന കുറിപ്പുകൾ തയ്യാറാക്കൽ ആസ്വാദനക്കുറിപ്പ് മത്സരം. സ്വന്തം രചനകൾ നടത്തുന്നതിന് അവസരം നൽകുന്നു. ക്ലാസ് തല പതിപ്പുകൾ തയ്യാറാക്കുന്നു .പൊതുവിജ്ഞാന മണ്ഡലം വികസിപ്പിക്കാൻ ഉതകുന്ന പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ഈ ഘട്ടത്തിൽ ചെയ്യാൻ ഉദ്ദേശിക്കുന്നു . ക്ലാസ് | സെപ്റ്റംബർ മുതൽ ഡിസംബർ വരെ | മലയാളം അധ്യാപകർ | എസ് ആർ ജി |

| | | | | |
|---|---|---|---|---|
| | തലം ലൈബ്രറി വായനയ്ക്ക് ഒരു വാർഷിക പദ്ധതി തയ്യാറാക്കൽ ഓരോ ക്ലാസിലെയും വായന ലക്ഷ്യം  തീരുമാനിക്കൽ ജന്മദിനത്തിന് കൂട്ടുകാർക്ക് ഒരു പുസ്തകം എന്ന പദ്ധതിക്ക് രൂപം കൊടുക്കൽ | | | |
| സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ പുസ്തക ചർച്ച അമ്മമാർ വായിച്ച പുസ്തകങ്ങൾക്ക് കുറിപ്പ് തയ്യാറാക്കൽ. വായന അനുഭവം വീട്ടിലെ കുട്ടികളുമായി പങ്കുവയ്ക്കൽ അനുഭവങ്ങൾ കുറിപ്പുകൾ ആയി നൽകുന്നു | ജനുവരി ഫെബ്രുവരി മാസങ്ങൾ | മലയാളം അധ്യാപകർ | എസ് ആർ ജി |
| വ്യത്യസ്തശേഷികളുടെ വികസനം | കുട്ടികളുടെ വ്യത്യസ്ത നൈപുണികൾ കണ്ടെത്തി അവ ഓരോന്നും പറ്റുന്ന രീതിയിൽ വികസിപ്പിക്കാനുള്ള ശ്രമം | അക്കാദമിക വർഷം | മലയാളം അധ്യാപകർ | എസ് ആർ ജി |
| സാമൂഹിക വീക്ഷണം വളർത്തുക സാമൂഹിക തിന്മകൾക്കെതിരെ ജാഗരൂകരാവുക | ഇതിനുള്ള പ്രവർത്തനം ഒരു വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പോസ്റ്റർ പ്രദർശനം പത്രവാർത്ത ആനുകാലികങ്ങളിലെ ലേഖനങ്ങൾ എന്നിവയിലൂടെ പകർന്ന് നൽകുന്നു | അക്കാദമിക വർഷം | മലയാളം അധ്യാപകർ | എസ് ആർ ജി |

| ഉപമേഖല- ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| വിദ്യാർത്ഥികളെ സ്വതന്ത്ര വായനയ്ക്കും എഴുത്തിനും തയ്യാറാക്കുക | സ്കൂൾ ഇംഗ്ലീഷ് വോയ്സ്, ലെറ്റർ കാർഡ്, വാക്ക് കാർഡ്, വാചക നിർമ്മാണ കാർഡുകൾ, കഥ വായന, ചെറുകഥ രചന, പ്രസംഗം, ലളിതമായ കളികൾ, ഇംഗ്ലീഷ് പത്ര വായന, ശബ്ദ സമ്പത്ത് വർധിപ്പിക്കൽ, പത്ര ലേഖനം തയ്യാറാക്കൽ, എന്റെ ദിനരേഖ, അസംബ്ലിയിൽ വാർത്ത വായന, വാർത്ത വായനാ മത്സരം | ക്ലാസ് പ്രവർത്തനങ്ങളോടൊപ്പം, അസംബ്ലികൾ | ഇംഗ്ലീഷ് അദ്ധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| നാടകവത്കരണം | ഇംഗ്ലീഷ് അസംബ്ലി, കഥാപ്രദർശനം, ഇംഗ്ലീഷ് ലാബ്. പാഠഭാഗങ്ങളിൽ നിന്ന് കാവ്യങ്ങൾ തെരഞ്ഞെടുത്ത് സ്കിറ്റ്, കഥാപ്രവചനത്തിലൂടെ അവതരണം | ക്ലാസ് പ്രവർത്തനങ്ങൾ, ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| വിദ്യാർത്ഥികളെ ആത്മവിശ്വാസത്തോടെ ഇംഗ്ലീഷിൽ സംസാരിക്കാൻ പ്രാപ്തരാക്കുക | ലൈബ്രറി നവീകരണം, സ്റ്റോറി ടൈം, കാർട്ടൂൺ ഷോ, അസംബ്ലി | അവധിക്കാലം/ശനിയാഴ്ചകൾ | ഇംഗ്ലീഷ് അധ്യാപകർ | പി ടി എ |
| ഇംഗ്ലീഷിലുള്ള വിവരണങ്ങളും ചർച്ചകളും അവതരിപ്പിക്കാൻ പ്രാപ്തരാക്കുക | സിനിമയും Documentary യും – പ്രൊഫൈൽ & സ്ക്രിപ്റ്റ് തയ്യാറാക്കാനായി ഇംഗ്ലീഷ് ചലച്ചിത്ര ദൃശ്യങ്ങൾ കാണിക്കൽ, അഭിനയാവതരണം, ഇംഗ്ലീഷ് ദിനാഘോഷം, സെമിനാർ, പ്രശസ്ത കവി കൃതികൾ എന്നിവ ക്ലബ് മാച്ച് ആയി അവതരിപ്പിക്കുന്നു | ക്ലാസ് പ്രവർത്തനങ്ങളോടൊപ്പം, മുഴുവൻ വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി ടി എ |

| | | | | |
|---|---|---|---|---|
| ടെക്നോളജിയുടെ സഹായത്തോടെ ഇംഗ്ലീഷ് ഭാഷാവികസനം | അഭിമുഖങ്ങൾ, രചനാകൃത്തുകൾ, വിമർശകർ, സിനിമാ വ്യക്തിത്വങ്ങൾ എന്നിവരുമായി വീഡിയോ കോൺഫറൻസുകൾ. ഇംഗ്ലീഷ് ഫെസ്റ്റുകളും സിനിമകളും കാണുന്ന അവസരങ്ങൾ | അവധി (ഓണം, ക്രിസ്മസ്), അധ്യയനവർഷത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് അധ്യാപകർ | പി ടി എ |
| സംവാദങ്ങൾ സംഘടിപ്പിക്കുക | സമയം ചെലവഴിച്ച് ഇംഗ്ലീഷ് സംസാരിക്കുന്നവരുമായി ആശയവിനിമയം നടത്താനുള്ള അവസരം നൽകുക | ശനിയാഴ്ച/ അവധി | ഇംഗ്ലീഷ് അധ്യാപകർ | പി ടി എ |

| ഉപമേഖല- ഹിന്ദി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കൽ ഉച്ചാരണം പരിചയപ്പെടുത്തൽ അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കൽ | അക്ഷരങ്ങൾ എഴുതി ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷൻ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു | ജൂൺ ജൂലൈ | ഹിന്ദി അധ്യാപകർ | പി ടി എ |
| ഹിന്ദി അനായാസം എഴുതാനും വായിക്കാനും പരിശീലിപ്പിക്കാൻ ആശയം അവതരിപ്പിക്കാൻ | കേട്ടെഴുത്ത് നൽകുന്നു ചിത്രകഥ കാർട്ടൂൺ ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു | ഓഗസ്റ്റ് സെപ്റ്റംബർ | ഹിന്ദി അധ്യാപകർ | |
| സാഹിത്യാഭിരുചി വളർത്തൽ ഹിന്ദി കലോത്സവം മികച്ച രീതിയിൽ കുട്ടികളുടെ പങ്കാളിത്തത്തോടെ നടത്തൽ | പദ്യം ചൊല്ലൽ കഥ കവിത പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു | ഒക്ടോബർ നവംബർ | ഹിന്ദി അധ്യാപകർ | |
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്ക്കരിക്കാൻ കഥയെ തിരക്കഥയാക്കി മാറ്റൽ സ്വഭാവസവിശേഷതകളിൽ കുറിപ്പ് തയ്യാറാക്കൽ ഡയറി എഴുതൽ | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കാൻ പറയുന്നു എല്ലാദിവസവും ഡയറി | അക്കാദമിക വർഷം ജനുവരി | ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | എഴുതുവാൻ ഉള്ള നിർദ്ദേശം നൽകുന്നു | | | |

| ഉപമേഖല- സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| കുട്ടികളിൽ ചരിത്രാവബോധം സൃഷ്ടിക്കുക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ഫീൽഡ് ട്രിപ്പ് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ സാമൂഹികശാസ്ത്രത്തിൽ പിന്നോക്കം നിൽക്കുന്ന പഠിതാക്കൾക്ക് പ്രത്യേക പഠന ട്രിപ്പുകൾ ചരിത്ര സംബന്ധിയായ പ്രത്യേക പ്രശ്നോത്തരികൾ മത്സരങ്ങൾ | അക്കാദമി വർഷം മുഴുവനും ആയി നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | എസ് ആർ ജി |
| ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റുക പൗരബോധം വളർത്തുക | സ്കൂൾ പാർലമെന്റ് ക്ലാസ് സഭകൾ പാർലമെന്റ് എന്നിവ സംഘടിപ്പിക്കുന്നതിലൂടെ പൗരബോധവും സേവനമനുഭവവും വളർത്തുന്ന പ്രവർത്തനങ്ങൾ അനുമോദനങ്ങൾ എന്നിവ | സർക്കാർ നിശ്ചയിക്കുന്ന ദിവസങ്ങളിൽ തെരഞ്ഞെടുപ്പുകൾ. മറ്റു പ്രവർത്തനങ്ങൾ പ്രത്യേകം തെരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | എസ് ആർ ജി പിടിഎ |
| സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ നിരീക്ഷണ പാഠവവും | ആകാശ നിരീക്ഷണം ഭൂപ്രകൃതി ഭൂരൂപ നിരീക്ഷണം കൗതുകം ഉണർത്തുന്ന പ്രവർത്തനങ്ങൾ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | എസ് എസ് ക്ലബ്ബ് എസ് ആർ ജി |

| | | | | |
|---|---|---|---|---|
| അന്വേഷണ കൗതുകവും വളർത്തുക | | | | |
| മതേതര മൂല്യങ്ങൾ മതസഹിഷ്ണുത എന്നിവ വളർത്തി ഉത്തമ പൗരന്മാരെ സൃഷ്ടിക്കുക | സാമൂഹ്യപരിഷ്കർത്താക്കളെ പരിചയപ്പെടുത്തൽ ദിനാചരണങ്ങൾ ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | എസ് ആർ ജി, എസ് എസ് ക്ലബ്ബ് |
| ഭൂപട പഠനം തലസ്ഥാനനിർണയം എന്നിവ പരിശീലിപ്പിക്കുക | അറ്റ്ലസ് ഗ്ലോബ് മാപ്പുകൾ എന്നിവ പരിചിതമാക്കുന്നു ഫീൽഡ് ട്രിപ്പ് ടൂർ പ്ലാനിങ് | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | എസ് ആർ ജി, എസ് എസ് ക്ലബ്ബ് |
| ഭൗമ പ്രതിഭാസങ്ങൾ രൂപങ്ങൾ എന്നിവ പരിചയപ്പെടുക | വീഡിയോ പ്രദർശനങ്ങൾ മോഡൽ നിർമ്മാണം ആൽബം തയ്യാറാക്കൽ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | എസ് എസ് ക്ലബ്ബ് |
| പൊതുവിജ്ഞാനം വർദ്ധിപ്പിക്കാനും ഉന്നത നിലവാരം കൈവരിക്കാൻ ഉള്ള പ്രവർത്തനങ്ങൾ | ദിനാചരണങ്ങൾ ക്വിസ്സുകൾ സംവാദം വീഡിയോകൾ പ്രശ്നോത്തരികൾ എല്ലാവർക്കും പങ്കെടുക്കാവുന്ന മത്സരങ്ങൾ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | എസ് എസ് ക്ലബ്ബ് |

| ഉപമേഖല -ശാസ്ത്രം- ഫിസിക്സ് &കെമിസ്ട്രി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | സയൻസ് ലാബിൽ വച്ച് ശാസ്ത്ര പരീക്ഷണങ്ങൾ നടത്തുന്നു സ്കൂൾതല സയൻസ് എക്സിബിഷൻ ,പഠന പ്രവർത്തനങ്ങളുടെ ഭാഗമല്ലാതെയുള്ള കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്താൻ ഉതകുന്ന നൂതന പരീക്ഷണങ്ങൾ ശാസ്ത്ര പ്രദർശനമായി നടത്തുന്നു. വൈ ഐ പി ,ഇൻസ്പയർ എന്നീ ഗവേഷണ പ്രോജക്ടുകൾ വികസിപ്പിക്കാൻ ആവശ്യമായ പരിശീലനം നൽകുന്നു. | ആവശ്യമുള്ള സന്ദർഭങ്ങളിൽ | ഫിസിക്കൽ സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| ശാസ്ത്രമേളകളിലെ പങ്കാളിത്തം ഉറപ്പുവരുത്തൽ | ശാസ്ത്രമേളയിൽ സ്റ്റിൽ മോഡൽ ,വർക്കിംഗ് മോഡൽ ,Improvised Experiment പ്രോജക്ട്, സെമിനാർ എന്നിവയിൽ പങ്കെടുക്കാൻ ആവശ്യമായ പ്രോത്സാഹനം നൽകി പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുന്നു | വർഷത്തിൽ ഒരു തവണ | ഫിസിക്കൽ സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് പിടിഎ |

| | | | | |
|---|---|---|---|---|
| ശാസ്ത്ര ലാബിന്റെ നവീകരണവും ക്രമീകരണവും | ഫിസിക്സ് കെമിസ്ട്രി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും സാമഗ്രികളും പ്രത്യേകം സജ്ജീകരിക്കുന്നു കൂടാതെ ഫിസിക്സ് കെമിസ്ട്രി എന്നീ വിഷയങ്ങളിൽ ഓരോ പാഠഭാഗത്തിനും ആവശ്യമായ പരീക്ഷണ സാമഗ്രികൾ ഉപകരണങ്ങൾ രാസവസ്തുക്കൾ തുടങ്ങിയവ മുൻകൂട്ടി തയ്യാറാക്കി വയ്ക്കുന്നു | വർഷം മുഴുവൻ | ഫിസിക്കൽ സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് പിടിഎ |
| പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്കുള്ള പ്രത്യേക പരിശീലനം | പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ അധ്യയന വർഷത്തിലെ തുടക്കത്തിൽ തന്നെ അച്ചീവ്മെന്റ് ടെസ്റ്റ് നടത്തി കണ്ടെത്തുന്നു പാഠഭാഗങ്ങൾ ലളിതമായ മോഡലുകളായി നൽകിയും പിയർ ഗ്രൂപ്പ് പരിശീലനത്തിലൂടെയും അധികസമയ പരിശീലനത്തിലൂടെയും ഈ കുട്ടികളുടെ | ആഴ്ചയിൽ ഒരു ദിവസം | ഫിസിക്കൽ സയൻസ് അധ്യാപകർ | എസ് ആർ ജി |

| | | | | |
|---|---|---|---|---|
| | നിലവാരം ഉയർത്താൻ ശ്രമിക്കുന്നു. | | | |
| ശാസ്ത്ര മാസിക തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ ശാസ്ത്ര ലേഖനങ്ങൾ ശാസ്ത്ര കവിതകൾ തുടങ്ങിയവ ഉൾപ്പെടുത്തി സയൻസ് മാഗസിൻ തയ്യാറാക്കുന്നു | വർഷത്തിൽ ഒരു തവണ | ഫിസിക്കൽ സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ | കുട്ടികളെ ഗ്രൂപ്പ് ആയി തിരിച്ചു ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട വ്യത്യസ്ത ചോദ്യ മാതൃകയിൽ ചോദ്യശേഖരം തയ്യാറാക്കുന്നു | മൂന്നുമാസം | ഫിസിക്കൽ സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് എസ് ആർ ജി |
| പോളിമറുകൾ പുരോഗതി വെല്ലുവിളികൾ ഭാവി കാഴ്ചപ്പാടുകൾ എന്ന വിഷയത്തെ അടിസ്ഥാനമാക്കി സെമിനാർ സംഘടിപ്പിക്കൽ | ക്ലാസ് തലത്തിൽ കുട്ടികളെ ഗ്രൂപ്പ് ആയി തിരിച്ചു നിത്യജീവിതത്തിൽ പോളിമറുകൾക്കുള്ള പ്രാധാന്യത്തെക്കുറിച്ചും അവയുടെ ഗുണങ്ങൾക്കൊപ്പം തന്നെ ദൂഷ്യഫലങ്ങളെ കുറിച്ചും കുട്ടികൾക്ക് അവബോധം സൃഷ്ടിക്കുന്നതിനായി സെമിനാർ സംഘടിപ്പിക്കുന്നു | വർഷത്തിൽ ഒരു തവണ | ഫിസിക്കൽ സയൻസ് അധ്യാപകർ | എസ് ആർ ജി |

| | | | | |
|---|---|---|---|---|
| അനുനാദം എന്ന ആശയം മനസിലാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട തനത് പ്രവർത്തനം നൽകുന്നു നിരീക്ഷണത്തിലൂടെയും ചർച്ചയിലൂടെയും സ്വാഭാവിക ആവൃത്തി അനുനാദം എന്നിവയെ കുറിച്ച് ധാരണ ഉണ്ടാക്കുന്നു. അവ നിത്യജീവിതത്തിൽ പ്രയോഗിക്കുന്നതിനുള്ള കഴിവ് കൊടുക്കുന്നു | വർഷത്തിൽ ഒരു തവണ | ഫിസിക്കൽ സയൻസ് അധ്യാപകർ | എസ് ആർ ജി |

| ഉപമേഖല -ശാസ്ത്രം- ബയോളജി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| എല്ലാ കുട്ടികളിലും ശാസ്ത്ര പഠനത്തിലൂടെ അടിസ്ഥാന ശേഷി ഉണ്ടെന്ന് ഉറപ്പുവരുത്തൽ | പ്രീ ടെസ്റ്റ് ,ചോദ്യ നിർമ്മാണം ടെസ്റ്റ് ,മൂല്യനിർണയം പഠന പിന്നോക്കാവസ്ഥയിലുള്ളവർക്ക് ഒഴിവുദിനവിനിമയം | ജൂൺ ജൂലൈ മാസം | ബയോളജി അധ്യാപകർ | എസ് ആർ ജി |
| സ്കൂൾ ശാസ്ത്ര ലാബിന്റെ നവീകരണം | വിവിധ ഉപകരണങ്ങൾ ചാർട്ടുകൾ മോഡലുകൾ പ്രവർത്തന മാതൃകകൾ എന്നിവ ഇനം തിരിച്ച് ക്രമീകരിക്കൽ ഇരിപ്പിടം വെളിച്ചം വെള്ളം സുരക്ഷ എന്നിവ ഉറപ്പുവരുത്തൽ | ഫസ്റ്റ് ടേം | ബയോളജി അധ്യാപകർ | എസ് ആർ ജി<br>പിടിഎ |
| അന്യമായിക്കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ പ്രകൃതിയെ അടുത്ത് അറിയാനുള്ള അവസരം ഒരുക്കൽ | സ്കൂൾ ക്യാമ്പസിൽ പഴം പച്ചക്കറി തോട്ടം ഔഷധത്തോട്ട നിർമ്മാണം ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു വർഷം | ബയോളജി അധ്യാപകർ | എസ് ആർ ജി |
| പ്രയാസം ഏറിയ ശാസ്ത്ര പാഠഭാഗങ്ങൾ മനസ്സിലാക്കാൻ ഉതകുന്ന വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ | ഭിന്ന നിലവാരക്കാർക്കും ഭിന്നശേഷിക്കാർക്കും പ്രത്യേകം വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകൽ | ജൂലൈ | ബയോളജി അധ്യാപകർ | എസ് ആർ ജി |
| ശാസ്ത്ര മാസിക തയ്യാറാക്കൽ ശാസ്ത്ര പ്രതിഭകളെ തിരിച്ചറിഞ്ഞ് രാഷ്ട്രത്തിനും മുതൽക്കൂട്ടാക്കി മാറ്റൽ | പ്രതിഭകൾക്ക് പ്രത്യേക പരിശീലനം ശാസ്ത്ര വിദഗ്ദരുമായുള്ള അഭിമുഖം സ്കോളർഷിപ്പ് പരീക്ഷയ്ക്ക് പരിശീലനം | സെക്കൻഡ് ടേം | ബയോളജി അധ്യാപകർ | പിടിഎ |

| ഉപമേഖല- ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| പ്രായോഗിക ജീവിതത്തിൽ ഗണിതത്തിന്റെ പ്രാധാന്യം തിരിച്ചറിയാനുള്ള അവബോധം വളർത്തിയെടുക്കൽ | സർവ്വേ. കുട്ടികൾ അവരവരുടെ വീടുകളിൽ ഗണിതവുമായി ബന്ധപ്പെട്ട വസ്തുക്കളും അളവുകളും ശേഖരിക്കുന്നു .വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് ചുറ്റളവ് പരപ്പളവ് വ്യാപ്തം കോണുകൾ എന്നീ ആശയങ്ങൾ എവിടെയൊക്കെ ഉപയോഗിക്കുന്നു എന്ന ധാരണ വളർത്തുന്നു. സർവ്വം ഗണിതമയം എന്ന ഗണിത പ്രദർശനം നടത്തുന്നു. ഒരു ബിൽഡിംഗ് കൺസ്ട്രക്ഷൻ സൈറ്റ് സന്ദർശിക്കുന്നു | അക്കാദമിക വർഷം | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ് പിടിഎ |
| കുട്ടികളിൽ ഗണിത താൽപര്യം ഉണർത്തൽ | ഒറിഗാമി ജ്യോമട്രിക്കൽ പാറ്റേൺ നിർമ്മാണം എന്നിവയിൽ ഒരു ശില്പശാല നടത്തുന്നു അളവുകളിലെ കണിശത ഇഡലിയിലെ ഉഴുന്നിന്റെ അരിയുടെ അനുപാതം എന്നിവ പറയുന്നു ഇപ്പോഴത്തെ പ്രായോഗിക പ്രശ്നമായ ദേശീയപാത 66 നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കുട്ടികളുടെ ശ്രദ്ധ ആകർഷിക്കൽ. തുണികളിൽ വിവിധതരം നിറങ്ങൾ കൃത്യമായ അളവിൽ യോജിപ്പിച്ച ഭംഗിയാക്കുന്നത് വീടുകളിലെ ഇന്റീരിയർ ഡിസൈനിങ്ങിലേക്ക് കുട്ടികളെ ശ്രദ്ധ ആകർഷിക്കുന്നത്. | അക്കാദമിക വർഷം | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ് പിടിഎ |

| | | | | |
|---|---|---|---|---|
| സ്ഥിതി വിവരക്കണക്ക് നിത്യ ജീവിതത്തിൽ | ശരാശരി എന്ന ആശയത്തിന്റെപ്രായോഗിക തലങ്ങൾ മനസ്സിലാക്കൽ സ്പോർട്സിൽ ഇന്ത്യൻ ടീമിന്റെ വേൾഡ് കപ്പ് പ്രകടനത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തലും ചർച്ചയും | അക്കാദമിക വർഷം | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ് പിടിഎ |

| ഉപമേഖല -ഐ ടി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. എല്ലാ കുട്ടികളെയും പരിചയസമ്പന്നമായ രീതിയിൽ കമ്പ്യൂട്ടർ ഉപയോഗിക്കാൻ സഹായിക്കുക. | എല്ലാ വിദ്യാർത്ഥികളുടെയും പഠനശൈലിയെ അനുസരിച്ച് ആസ്വാദനപരമായ പഠനാന്തരീക്ഷം സൃഷ്ടിക്കുകയും, ICT സൗകര്യങ്ങൾ ഉപയോഗിച്ച് വ്യത്യസ്ത പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. | വാർഷികമായി | SUBJECT COUNCIL, SRG | PTA |
| 2. IT മേഖലയിലുള്ള പഠനക്ഷമത വളർത്തുക. | Digital painting, multimedia presentation, മലയാളം ടൈപ്പിംഗ് & ഫോർമാറ്റിംഗ്, Scratch programming, Web page designing തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകുകയും IT മേളകൾ സംഘടിപ്പിക്കുകയും ചെയ്യും. | ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ | SUBJECT COUNCIL | |
| 3. കുട്ടികളിൽ IT പഠനത്തിലേക്കുള്ള ആകൃഷ്ടി വർദ്ധിപ്പിക്കുക. | ക്ലാസ് മുറികളിലെ ICT ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന് പരിശീലനം നൽകും. വീഡിയോ ഷൂട്ടിംഗും ഫോട്ടോഗ്രാഫിയും | വാർഷികമായി | SUBJECT COUNCIL | PTA |

| | | | | |
|---|---|---|---|---|
| | ഡോക്യുമെന്റേഷനും സംബന്ധിച്ച പരിശീലനങ്ങളും നൽകും. | | | |
| 4. ICT ഉപകരണങ്ങളുടെ ഉപയോഗപരിചയം വർദ്ധിപ്പിക്കുക. | IT ഉപകരണങ്ങളുടെ ഫംഗ്ഷനുകൾ, സോഫ്ട്വെയറുകൾ ഇൻസ്റ്റലേഷൻ എന്നിവയിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് പരിശീലനം നൽകും. | ആവശ്യാനുസരണം | SUBJECT COUNCIL | |
| 5. സൈബർ കുറ്റകൃത്യങ്ങളെ കുറിച്ച് ബോധവത്ക്കരണം നടത്തുക. | Cyber crime സംബന്ധിച്ച ബോധവത്ക്കരണ ക്ലാസുകളും സംവാദങ്ങളും ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ നടത്തും. | വാർഷികമായി | SUBJECT COUNCIL | |

| ഉപമേഖല- കലാ പഠനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| കുട്ടികളുടെ ചിത്രങ്ങൾ മറ്റുള്ളവർക്ക് കാണാൻ അവസരം ഉണ്ടാക്കുന്നു | സ്കൂളിൽ ആർട് ഗാലറി ഉണ്ടാക്കുക ചിത്രങ്ങൾ വരയ്ക്കുന്ന കുട്ടികളുടെ Painting ഫ്രെയിം ചെയ്ത് കുറെ ചിത്രങ്ങൾ കളക്ട് ചെയ്ത് അത് ഒരു രണ്ടുമാസം കൂടുമ്പോൾ ഒരു എക്സിബിഷൻ എന്ന രീതിയിൽ നടത്തുക | അക്കാദമിക വർഷം | ചിത്രകല അധ്യാപകൻ | എസ് ആർ ജി പിടിഎ |

| | | | | |
|---|---|---|---|---|
| കുട്ടികളുടെ പേരും പ്രസക്തിയും വളരാൻ സഹായിക്കൽ അതിൽ നിന്നൊരു വരുമാനം ഉണ്ടാക്കാൻ സഹായിക്കൽ | കുട്ടികളുടെ ചിത്രങ്ങൾ ഫ്രെയിം ചെയ്ത് അത് ഗാലറിയിൽ എക്സിബിറ്റ് ചെയ്യുക ചിത്രങ്ങൾ അവർ തന്നെ ഫ്രെയിം ചെയ്യുക അതിനുള്ള നിർദ്ദേശങ്ങൾ കുട്ടികൾക്ക് ചിത്രകല അധ്യാപകൻ നൽകുന്നു | അക്കാദമിക വർഷം | ചിത്രകല അധ്യാപകൻ | എസ് ആർ ജി പിടിഎ |
| കുട്ടികളിൽ കലാമൂല്യമുണ്ടാക്കൽ ആസ്വാദന തലം വർദ്ധിപ്പിക്കൽ | ആർട്ട് ഗ്യാലറികൾ കലാമൂല്യമുള്ള സ്ഥലങ്ങൾ ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവ സന്ദർശിക്കുന്നു | അക്കാദമിക വർഷം | ചിത്രകല അധ്യാപകൻ | എസ് ആർ ജി പിടിഎ |

| ഉപമേഖല- ആരോഗ്യ കായിക വിദ്യാഭ്യാസം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| മികച്ച ഫുട്ബോൾ കളിക്കാരെ തിരഞ്ഞെടുത്തു മത്സരങ്ങളിൽ പങ്കെടുക്കുവാൻ തയ്യാറെടുപ്പിക്കൽ | സുബ്രതോ കപ്പ് ഫുട്ബോൾ ടീമിൽ പങ്കെടുക്കുവാൻ കളിക്കാരെ ഒരുക്കുന്നു | ജൂൺ | കായികാധ്യാപിക | പിടിഎ |
| ബാസ്ക്കറ്റ്ബോൾ ഹാൻഡ് ബോൾ ബാഡ് മിന്റൺ ടീമുകളിലേക്കുള്ള കുട്ടികളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി മത്സരങ്ങളിൽ പങ്കെടുക്കുവാൻ റെഡിയാക്കുന്നു | സബ്ജില്ലാ മത്സരങ്ങളിൽ പങ്കെടുക്കുവാനുള്ള തിരഞ്ഞെടുപ്പ് നടത്തുകയും കുട്ടികളെ പരിശീലിപ്പിക്കുകയും ചെയ്യുന്നു | ജൂലൈ | കായികാധ്യാപിക | പിടിഎ |

| | | | | |
|---|---|---|---|---|
| കായിക മത്സരങ്ങളിൽ പങ്കെടുക്കുവാൻ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും താല്പര്യം ഉണ്ടാക്കുന്നു | സ്കൂൾ ഗെയിംസ് മത്സരങ്ങൾക്കുള്ള ടീമുകളുടെ ക്യാമ്പും രജിസ്ട്രേഷനും നടത്തുന്നു | ജൂലൈ | കായികാധ്യാപിക | പിടിഎ |
| സബ്ജില്ല,ജില്ലാ മത്സരങ്ങൾക്കായി കുട്ടികളെ ഒരുക്കുന്നു | എല്ലാ ഗെയിമുകൾക്കും പ്രത്യേകം മത്സരം ഒരുക്കുന്നു | ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ നവംബർ | കായികാധ്യാപിക | പിടിഎ |
| കുട്ടികൾക്ക് കായികതാരങ്ങൾ ചെയ്യുന്ന കഠിനാധ്വാനം മനസ്സിലാക്കാനും അവരുടെ ജീവിത സാഹചര്യവും കായിക പരിശീലനവും മനസ്സിലാക്കാനുള്ള സാഹചര്യവും ഒരുക്കുന്നു. | കുട്ടികൾക്ക് ഏതെങ്കിലും അന്തർദേശീയ കായികതാരത്തെ പരിചയപ്പെടാനും അവരുമായി സംവാദം നടത്താനും അവസരം ഒരുക്കുന്നു. | ഡിസംബർ | കായികാധ്യാപിക | പിടിഎ |
| കുട്ടികളെ മികച്ച ഒരു ദേശീയ ഗെയിംസ് താരം ആക്കാനും നല്ല ഒരു ഇന്ത്യൻ പൗരൻ ആക്കാനും ശ്രമിക്കുന്നു | കായികതാരങ്ങളെ ഉൾപ്പെടുത്തി ഒരു ടൂർ സംഘടിപ്പിക്കുന്നു | ജനുവരി | കായികാധ്യാപിക | പിടിഎ |
| അടുത്ത അക്കാദമിക വർഷത്തിൽ നല്ല ഒരു കായിക വിജയം ഉണ്ടാക്കാനും നല്ല അച്ചടക്കം ഉണ്ടാക്കാനും കുട്ടികളെ | ക്വാളിഫൈഡ് പരിശീലകരുടെ നേതൃത്വത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു | ഫെബ്രുവരി | കായികാധ്യാപിക | പിടിഎ |

| | | | | |
|---|---|---|---|---|
| പ്രോത്സാഹിപ്പിക്കുന്നു | | | | |

| ഉപമേഖല- പ്രവർത്തി പരിചയം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാ പഠനത്തോടൊപ്പം തൊഴിൽ പരിചയം നേടി തനിക്കും സമൂഹത്തിനും മുതൽക്കൂട്ട് ആവുക | ഉപകരണങ്ങളും മെറ്റീരിയലും ഒരുക്കൽ കുട്ടികളിലെ സ്കിൽ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തുന്നു തിരഞ്ഞെടുക്കപ്പെടുന്നവർക്കെല്ലാം സൗജന്യ പരിശീലനം നൽകുന്നു | ആഴ്ചയിൽ ഒരു ദിവസം | വർക്ക് എക്സ്പീരിയൻസ് ടീച്ചർ | എസ് ആർ ജി പിടിഎ |
| സ്കൂൾ ക്രാഫ്റ്റ് മേള | കുട്ടികൾ നിർമ്മിച്ച കുട നോട്ട് പുസ്തകം എംബ്രോയിഡറി അലങ്കാരവസ്തുക്കൾ തുടങ്ങിയവയുടെ പ്രദർശനം | ഒക്ടോബർ | വർക്ക് എക്സ്പീരിയൻസ് ടീച്ചർ | എസ് ആർ ജി പിടിഎ |
| ഉപജില്ല ജില്ലാ സംസ്ഥാന പ്രവർത്തി പരിചയമേളകൾക്കായി കുട്ടികളെ തയ്യാറാക്കി എടുക്കൽ | തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്കായി ഒഴിവ് ദിവസങ്ങളിൽ പ്രത്യേക പ്രവർത്തി പരിചയ പരിശീലനം | വെക്കേഷനിലും മറ്റ് അവധി ദിവസങ്ങളിലും | വർക്ക് എക്സ്പീരിയൻസ് ടീച്ചർ | എസ് ആർ ജി പിടിഎ |

| ഉപമേഖല-സന്നദ്ധ സംഘടനാ പ്രവർത്തനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| കുട്ടികളിൽപല തരത്തിലുള്ള മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിനും , സമൂഹവുമായി ഇടപെടുന്നതി , നും സാമൂഹികാവബോധം ഉണ്ടാക്കുന്നതിനും ഉള്ള പരിശീലനം | അഞ്ചു മുതൽ 10 വരെ ക്ളാസുകളിലെ കുട്ടികളിൽ നിന്നും തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളെ JRC, SPC, NCC തുടങ്ങിയ സംഘടനകളിൽ അംഗമാക്കുകയും വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യും.<br>* സ്കൂളിൽ ശുചീകരണ പ്രവർത്തനം, അച്ചടക്കം, ഉച്ചഭക്ഷണ വിതരണം മറ്റ് സാമൂഹിക പ്രവർത്തനങ്ങൾ എന്നിവയിൽ സജീവ സാന്നിധ്യം.<br><br>* SPC വഴി തിരഞ്ഞെടുക്കുന്ന കുട്ടികൾക്ക് LIFE SKILL പരിശീലനത്തിന് വേണ്ടി പ്രത്യേക പരിശീലനം_ ബോധവത്കരണം.,<br><br>സാമൂഹികമാധ്യമ ബോധവത്കരണം, സേവന മനോഭാവം, പാരിസ്ഥിതിക സൗഹൃദത്വം, ക്ലാസ്റൂം മാനേജ്മെന്റ്, പബ്ലിക് സ്പീച്ച് തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകും. | 1വർഷം 3 മാസം | എസ് പി സി കോ-ഓർഡിനേറ്റർ, ജെ ആർ സി ,എൻ സി സി | പിടിഎ |

| | | | | |
|---|---|---|---|---|
| | * ക്യാമ്പുകൾ, Orientation, അവലോകനം എന്നിവയും സംഘടിപ്പിക്കും. | | | |
| കുട്ടികൾക്ക് നേർവഴിയിൽ പരിശീലനം നൽകുന്നതിനുള്ള ORC എന്നിവയുടെ കാമ്പുകൾ | ORC, JRC, SPC എന്നീ സംഘടനകളുമായി ബന്ധപ്പെട്ട് ORC ക്യാമ്പുകളും പരിശീലനങ്ങളും നടത്തും. | ആവശ്യാനുസരണം തയാറാക്കുന്ന ക്യാമ്പ് | | പിടിഎ |

| ഉപമേഖല- പരിസ്ഥിതി വിദ്യാഭ്യാസം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| കുട്ടികളിൽ പരിസ്ഥിതി പരിപാലനത്തെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് | ക്ലാസ്സിൽ നിന്നും കുട്ടികളെ സെലക്ട് ചെയ്ത് പരിസ്ഥിതി ക്ലബ്ബ് രൂപീകരണം. 2025 പരിസ്ഥിതി ദിന സന്ദേശത്തെ അടിസ്ഥാനപ്പെടുത്തി പരിസ്ഥിതി കിസ് പോസ്റ്റർ രചന മത്സരം പ്രസംഗം മത്സരം ഉപന്യാസ രചന മത്സരം എന്നിവ നടത്തുന്നു പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ നടന്നു മായി സംയോജിച്ച് വേസ്റ്റ് മാനേജ്മെന്റ് സംഘടിപ്പിക്കുന്നു | ഒരു വർഷം | എക്കോ ക്ലബ്ബ് കൺവീനർ | പിടിഎ |
| സൗന്ദര്യവൽക്കരണം | സ്കൂളിന്റെ അകത്തും പുറത്തുമായുള്ള നിലവിലുള്ള ചെടികളെ പരിപോഷിപ്പിക്കുക പുതിയ വെച്ചു പിടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു. | ജൂലൈ | എക്കോ ക്ലബ്ബ് കൺവീനർ | പിടിഎ |

| | | | | |
|---|---|---|---|---|
| വെജിറ്റബിൾ ഗാർഡൻ | കോർപ്പറേഷന്റെ സഹായത്തോടെ സ്കൂളിൽ വിവിധ പച്ചക്കറിത്തോട്ടങ്ങൾ വെച്ചുപിടിപ്പിക്കൽ | ഒരു വർഷം | എക്കോ ക്ലബ്ബ് കൺവീനർ | പിടിഎ |

| ഉപമേഖല- സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സരപരീക്ഷകളിലൂടെ ലഭ്യമാക്കൽ. ശാസ്ത്രപഥം ഇൻസ്പയർ അവാർഡ് എന്നീ സ്കോളർഷിപ്പുകൾക്ക് പരമാവധി കുട്ടികളെ പങ്കെടുപ്പിക്കൽ | എൻ എം എം എസ് ഉൾപ്പെടെയുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനത്തോടെ ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പുവരുത്തുന്നു | മൂന്നു മാസം | അതത് ചുമതലയുള്ള അധ്യാപകർ | പിടിഎ |
| ശാസ്ത്രപഥം ഇൻസ്പയർ അവാർഡ് എന്നീ സ്കോളർഷിപ്പുകൾക്ക് പരമാവധി കുട്ടികളെ പങ്കെടുപ്പിക്കൽ | കുട്ടികൾക്ക് പ്രചോദനം നൽകുന്ന രീതിയിൽ വിവിധതരത്തിലുള്ള ശാസ്ത്ര സാമൂഹ്യ വിഷയങ്ങൾ പ്രശ്നനിർധാരണം ചെയ്യാനുള്ള കഴിവ് വളർത്തിയെടുക്കുന്നു | ജൂലൈ സെപ്റ്റംബർ | അതത് ചുമതലയുള്ള അധ്യാപകർ | |

# ഉപമേഖല- ഗൈഡൻസ് & കൗൺസിലിംഗ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രശ്ലങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിംഗ് നൽകൽ നല്ലവ്യക്തിത്വമുള്ളവരാകൽ പരീക്ഷയോടുള്ള കുട്ടികളുടെ ഭയം കുറയ്ക്കുക കൂടുതൽ ആത്മവിശ്വാസത്തോട് കൂടി മത്സരപരീക്ഷകളെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കൽ | ആത്മവിശ്വാസം ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്ലങ്ങൾക്ക് പരിഹാരം കണ്ടെത്തൽ ഗൃഹ സന്ദർശനം അഭിമുഖം നിരീക്ഷണം പ്രശ്ലപരിഹാരം തുടങ്ങിയ വിവിധ മാർഗങ്ങൾ അവലംബിച്ച് കൗൺസിലിംഗ് ഫലപ്രദമാക്കൽ ഇൻഡിവിജ്വൽ കൗൺസിലിംഗ് ഗ്രൂപ്പ് കൗൺസിലിംഗ് എന്നിവ ഒരുമിച്ച് നടത്തുന്നു. | ഒരു വർഷം | കൗൺ സിലിംഗ് ടീച്ചർ | പിടിഎ |

# ഉപമേഖല- ക്ലാസ് പിടിഎ ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സിപിടിഎ ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവുകൾ പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ട് എത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്താനും | സിപിടിഎ യോഗം കാര്യക്ഷമമായി നടത്താൻ കുട്ടികളുടെ പഠന നേട്ടങ്ങൾ പഠന തെളിവുകൾ എത്താതെ പോയ പഠന നേട്ടം തുടങ്ങിയവയുടെ അവതരണം | മൂന്നുമാസത്തിൽ ഒരിക്കൽ | എസ്.ആർ.ജി ക്ലാസ് ടീച്ചർ | |
| | അക്കാദമിക കാര്യങ്ങൾ പങ്കുവെക്കൽ സ്കൂൾ പ്രവർത്തനങ്ങളിൽ സാമൂഹിക പങ്കാളിത്ത ഉറപ്പുവരുത്തൽ വിവിധ മത്സരപരീക്ഷകളിൽ വിജയം നേടിയ കുട്ടികൾക്കും പത്താംതരം വിദ്യാർഥികളുടെ രക്ഷിതാക്കളെ മേഖലകളായി തിരിച്ചു യോഗങ്ങൾ ചേരൽ | വർഷത്തിൽ മൂന്നു പ്രാവശ്യം | വിജയോത്സവം കൺവീനർ പിടിഎ എസ് ആർ ജി | |

# ഉപസംഹാരം

ഗവൺമെന്റ് ഗണപത് ബോയ്സ് ഹൈസ്കൂൾ ചാലപ്പുറം ഈ വർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ് .

കുട്ടികളുടെ സർവോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനുകളിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്.

പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെ യും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായംകൊണ്ട് സ്കൂളിൽ സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ തയ്യാറാക്കിയത് അതിനു കഴിയും എന്ന് ഉത്തമ വിശ്വാസവും ഞങ്ങൾക്കുണ്ട്.

❊❊❊❊❊❊❊❊❊